പാഠപുസ്തകങ്ങളുടെ അച്ചടി

109 [725] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഓരോ ക്ലാസിലേക്കും ഓരോ വിഷയത്തിനും എത്ര പാഠപുസ്തകങ്ങളാണ് ആവശ്യമുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ ഓരോ വിഷയത്തിനും ഓരോ ക്ലാസ്സിനും എത്ര പുസ്തകങ്ങൾ വീതം അച്ചടിച്ചിട്ടുണ്ട് എന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ള പുസ്തകങ്ങൾ എന്നത്തേയ്ക്ക് അച്ചടിച്ച് വിതരണം നടത്തുമെന്ന് വ്യക്തമാക്കുമോ;

(ഡി) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ നിയോഗിച്ച സർക്കാർ പ്രസ്സുകൾ അല്ലാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, ഓരോ സ്ഥാപനവും എത്ര രൂപയുടെ പുസ്തകങ്ങളാണ് അച്ചടിക്കേണ്ടതെന്നും, എത്ര പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 83 ശതമാനം പൂർത്തിയായിട്ടുണ്ട്. പാഠപുസ്തക വിതരണ നടപടികൾ ജൂലൈ ആദ്യവാരത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ഡി)

	പ്രസ്സിന്റെ പേര്	*പ്രിന്റിംഗ് ചാർജ്*	*അച്ചടി പൂർത്തിയാക്കിയ പുസ്തകങ്ങളുടെ എണ്ണം*
1.	കോറണേഷൻ ആർട്ട്സ് ക്രാഫ്റ്റ്, ശിവകാശി	38,07,000	15,24,800
2.	റോയൽ സ്റ്റാർ പാക്കേജിംഗ്, ശിവകാശി	39,23,000	15,18,140

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	പ്രസ്സിന്റെ പേര്	പ്രിന്റിംഗ് ചാർജ്	അച്ചടി പൂർത്തിയാക്കിയ പുസ്തകങ്ങളുടെ എണ്ണം
3.	കെ. സി. എം. സി. ചിദമ്പരം നാടാർ ആന്റ് സൺസ്, ശിവകാശി	11,00,000	17,61,710
4.	കോട്ടയം പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ശിവകാശി	39,50,000	10,15,230
5.	രേവതി ഓഫ്സെറ്റ് പ്രിന്റ്, ശിവകാശി	40,25,700	11,67,350
4.	ലിബർട്ടി ഓഫ്സെറ്റ് പ്രിന്റേഴ്സ്, ആഴ്ചവട്ടം, കോഴിക്കോട്	32,00,000	9,31,150

മാറ്റമുള്ള പാഠപുസ്തകങ്ങളുടെ അച്ചടി

110 [726] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റമുണ്ടായതെന്ന് വ്യക്തമാക്കാമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്ന സമയത്തുതന്നെ ലഭ്യമാക്കുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ പ്രസ്സുകളെ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly